പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3244 — 13/03/2017 ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ പന്നി ഫാമുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര പന്നി ഫാമുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | എ) രണ്ടെണ്ണം പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി അംഗീകാരം ലഭിക്കുന്നതിനായി നൽകിയ എത്ര പന്നി ഫാമുകളുടെ അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്; ഇവയിൽ എന്നത്തേയ്ക്ക് അന്തിമ തീർപ്പുണ്ടാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ബി) ഒരു അപേക്ഷ തീർപ്പാക്കാനുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) നിയമാനുസൃതമായി പ്രവർത്തിക്കുന്ന പന്നി ഫാമുകൾക്ക് പഞ്ചായത്ത് അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) ഇതു സംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അവശ്യമായ രേഖകൾ സഹിതം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| ഡി) പഞ്ചായത്ത് അനുമതി ലഭിക്കാതെ എത്ര പന്നി ഫാമുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്തിൽ അനുമതിയില്ലാതെ പന്നി ഫാം പ്രവർത്തിക്കുന്നതായും ടി ഫാമിനെതിരെ നിയമാനുസൃത നടപടി പുരോഗമിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

൨

സെക്ഷൻ ഓഫീസർ